# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 3 | 27/02/2017 ൽ മറുപടിക്ക് |
|---|---|

## ബാർ കോഴ കേസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.എം.സ്വരാജ്<br>ശ്രീ.പി.ഉണ്ണി | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ബാർ കോഴക്കേസ്സിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ കണ്ടെത്തൽ അട്ടിമറിച്ച് ഭരണത്തിലെ ഉന്നതരുടെ നിർദ്ദേശപ്രകാരം അന്നത്തെ വിജിലൻസ് ഡയറക്ടർ കെട്ടിച്ചമച്ച റിപ്പോർട്ട് ആണ് കോടതിയിൽ സമർപ്പിച്ചതെന്ന് വിജിലൻസ് കോടതിയിൽ പുതുതായി സമർപ്പിച്ച റിപ്പോർട്ടിൽ അന്വേഷണ ഉദ്യോഗസ്ഥൻ തന്നെ വെളിപ്പെടുത്തിയ സാഹചര്യത്തിൽ, കേസ് അട്ടിമറിക്കാൻ കൂട്ടുനിന്നവർക്കും അതിന് നിർദ്ദേശം നൽകിയവർക്കുമെതിരെ നിയമ നടപടിയെടുക്കുവാൻ തയ്യാറാകുമോ; | (എ) യും (ബി) യും (സി) യും | ബഹു.കോടതിയുടെ 29/10/2015 ലെ ഉത്തരവ് പ്രകാരം ബാർകോഴ കേസ്സിന്റെ പുനരന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. ആരോപണങ്ങളിൻമേലുള്ള പ്രാഥമിക അന്വേഷണ റിപ്പോർട്ട് കോടതിയുടെ പരിഗണനയിലാണ്. കോടതി പരിഗണിച്ചുകൊണ്ടിരിക്കുന്ന കേസായതിനാൽ കൂടുതൽ വിശദാംശങ്ങൾ വെളിപ്പെടുത്താൻ കഴിയില്ല. |
| (ബി) | കേസ് ഡയറി പോലും തിരുത്താൻ സമ്മർദ്ദം ചെലുത്തിയെന്ന വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ, കുറ്റാരോപിതരായ ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്ന് മാറ്റി നിർത്തുവാൻ നടപടിയുണ്ടാകുമോ; | | |
| (സി) | കേസ് അട്ടിമറിച്ചെന്നു വ്യക്തമായ സ്ഥിതിക്ക് ഇതിൽ പുനരന്വേഷണത്തിന് തയ്യാറാകുമോ? | | |

സെക്ഷൻ ഓഫീസർ